*Dr.Sarita.R.L*
*Director of Health Services*

Tele Fax (O) : 0471-2303025
Mobile : 9447139266
E-mail: dhskerala@gmail.com
web site: www.dhs.kerala.gov.in
Directorate of Health Services
Thiruvananthapuram -695 035

Date : 24/05/2017

**അർദ്ധഔദ്യോഗിക കത്ത്നം. സി. എ- 112/2017/ആ.വ.ഡ**

പ്രിയപ്പെട്ട ഡോക്ടർ,

വിഷയം : ആരോഗ്യ വകുപ്പ് - ആരോഗ്യ സേന രൂപീകരണം - സംബന്ധിച്ച്

കേരളത്തിൽ പൊതുജനാരോഗ്യ രംഗത്ത് ആർദ്രം മിഷന്റെ ഭാഗമായി രോഗപ്രതിരോധം , രോഗചികിത്സ, പുനരധിവാസം എന്നീ മേഖലകൾക്ക് ഒരുപോലെ പ്രാധാന്യം നൽകികൊണ്ടുള്ള ഊർജിത പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്.

സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ (എസ്.ഡി.ജി) ഭാഗമായി ആരോഗ്യ രംഗത്ത് 2020 ൽ നേടാൻ ലക്ഷ്യമിട്ട കാര്യങ്ങൾ സമയബന്ധിതമായി നേടുന്നതിനായി ആർദ്രം മിഷൻ വിവിധ തലങ്ങളിലുള്ള പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

തെരഞ്ഞെടുത്ത 170 പഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ മാതൃകാ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പൈലറ്റ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്ത് നാം ലക്ഷ്യമിട്ട നേട്ടങ്ങൾ കൈവരിക്കാൻ സമൂഹത്തെ പ്രാപ്തമാക്കാനും, നേതൃത്വം നൽകുന്നതിനും, സഹായിക്കുന്നതിനും ഓരോ പഞ്ചായത്തിലും, ആരോഗ്യ സേന രൂപീകരിക്കുന്നതിന് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു.

ആരോഗ്യ സേനയുടെ പ്രാധാന്യവും ഘടനയും വിവരിക്കുന്ന ലഘുലേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

സ്വീകർത്താവ്,

ജില്ലാ മെഡിക്കൽ ഓഫീസർ,(ആരോഗ്യം)

State Health Systems Resource Centre, Kerala
KSIHFW Campus, Thycaud, Thiruvananthapuram - 695014, Kerala, India
Ph : 0471 - 232 3223, Fax : 0471 - 2323213
E-mail : shsrckerala@gmail.com
web : www.shsrckerala.org

ADHS PH for F/A 24/5

നമ്പർ എ 81/2017/ എസ്. എച്ച്. എസ്. ആർ. സി. 24.05.2017

പ്രേഷിതൻ

ഡോ. ഷിനു കെ. എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ
എസ്. എച്ച്. എസ്. ആർ. സി.
തൈയ്ക്കാട്, തിരുവനന്തപുരം

സ്വീകർത്താവ്

ഡയറക്ടർ
ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസ്
തിരുവനന്തപുരം

മാഡം,

**വിഷയം - ആരോഗ്യ സേന രൂപീകരണം - സംബന്ധിച്ച്**

കേരളത്തിൽ പൊതുജനാരോഗ്യരംഗത്ത് ആർദ്രം മിഷന്റെ ഭാഗമായി രോഗപ്രതിരോധം, രോഗചികിത്സ, പുനരധിവാസം എന്നീ മേഖലകൾക്ക് ഒരു പോലെ പ്രാധാന്യം നൽകികൊണ്ടുള്ള ഊർജ്ജിത പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്.

സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ (എസ്. ഡി.ജി) ഭാഗമായി ആരോഗ്യരംഗത്ത് 2020 ൽ നേടാൻ ലക്ഷ്യമിട്ട കാര്യങ്ങൾ സമയബന്ധിതമായി നേടുന്നതിനായി ആർദ്രം മിഷൻ വിവിധ തലങ്ങളിലുള്ള പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

തെരഞ്ഞടുത്ത 170 പഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ മാതൃകാ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്ന പൈലറ്റ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആരോഗ്യരംഗത്ത് നാം ലക്ഷ്യമിട്ട നേട്ടങ്ങൾ കൈവരിക്കാൻ സമൂഹത്തെ പ്രാപ്തമാക്കാനും, നേതൃത്വം നൽകുന്നതിനും സഹായിക്കുന്നതിനായി ഓരോ പഞ്ചായത്തിലും, ആരോഗ്യ സേന രൂപീകരിക്കാനായി എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ സേനയുടെ പ്രാധാന്യവും ഘടനയും വിവരിക്കുന്ന ലഘുലേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

എക്സിക്യൂട്ടീവ് ഡയറക്ടർ

## ആർദ്രം മിഷൻ

## 'ആരോഗ്യസേന'

## രൂപീകരണം- പ്രസക്തി പ്രാധാന്യം

കേരളത്തിൽ പൊതുജനാരോഗ്യരംഗത്ത് ആർദ്രം മിഷന്റെ ഭാഗമായി രോഗപ്രതിരോധം, രോഗചികിത്സ, പുനരധിവാസം എന്നീ മേഖലകൾക്ക് ഒരു പോലെ പ്രാധാന്യം നൽകികൊണ്ടുള്ള ഊർജ്ജിത പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്.

സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ (എസ്. ഡി.ജി) ഭാഗമായി ആരോഗ്യരംഗത്ത് 2020 ൽ നേടാൻ ലക്ഷ്യമിട്ട കാര്യങ്ങൾ സമയബന്ധിതമായി നേടുന്നതിനായി ആർദ്രം മിഷൻ വിവിധ തലങ്ങളിലുള്ള പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

തെരഞ്ഞടുത്ത 170 പഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ മാതൃകാ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്ന പൈലറ്റ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കുടുംബാരോഗ്യകേന്ദ്രങ്ങളിലെ സുക്ഷ്മതല ആരോഗ്യ പ്രവർത്തനങ്ങൾ ജനങ്ങളുടെ പങ്കാളിത്തത്തോടെ ഏറ്റെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓരോ പഞ്ചായത്തിലേയും 20 വീടുകൾക്ക് ഒരു ആരോഗ്യ വളണ്ടിയർ എന്ന തരത്തിൽ ഒരുവാർഡിൽ നിന്നും 25 പേരും പഞ്ചായത്ത് തലത്തിൽ 500 പേരടങ്ങുന്നതുമായ ആരോഗ്യസേനയെ വിഭാവനം ചെയ്തിട്ടുള്ളത്.

ആരോഗ്യരംഗത്ത് നാം ലക്ഷ്യമിട്ട നേട്ടങ്ങൾ കൈവരിക്കാൻ സമൂഹത്തെ പ്രാപ്തമാക്കാനും, നേതൃത്വം നൽകുന്നതിനും സഹായിക്കുന്ന സംഘമാണ് ആരോഗ്യസേന.

ഓരോ ആരോഗ്യവളണ്ടിയർക്കും ചുമതലയുള്ള പ്രദേശത്തെ സുക്ഷമതല ആരോഗ്യ-ആരോഗ്യാനുബന്ധ പ്രശ്നങ്ങൾ പരിഹരിക്കാൻ നിലവിലുള്ള എല്ലാ സംവിധാനങ്ങളേയും ഏകോപിപ്പിച്ച് പ്രവർത്തിപ്പിച്ച് ലക്ഷ്യം നേടാൻ നേതൃത്വം നൽകലാണ് ആരോഗ്യസേനയുടെ മുഖ്യ ചുമതല.

ജീവിതശൈലീരോഗങ്ങൾ, പകർച്ച വ്യാധികൾ, മാനസികാരോഗ്യം, ആർ. സി. എച്ച്, പുനരധിവാസം, തുടങ്ങിയ പ്രധാന രംഗങ്ങളിൽ സാമൂഹ്യപങ്കാളിത്തം ഉണ്ടാക്കികൊണ്ട് പ്രശ്ന പരിഹാരം തേടുക എന്നത് ആരോഗ്യസേന രൂപീകരണത്തിലേക്ക് നയിച്ച ഘടകങ്ങളിലൊന്നാണ്.

ഉദാഹരണമായി; കളികൂട്ടങ്ങൾ, നീന്തൽകൂട്ടങ്ങൾ, നടത്തകൂട്ടങ്ങൾ, സൈക്കിൽസവാരിക്കൂട്ടങ്ങൾ, കാർഷികകൂട്ടായ്മകൾ എന്നിവതുടർച്ചയുള്ള തരത്തിൽ സംഘടിപ്പിക്കുക എന്നത് ആരോഗ്യസേനയ്ക്ക് ഏറ്റെടുക്കാവുന്ന പ്രായോഗിക പ്രവർത്തനങ്ങളിൽ ചിലതാണ്.

കളിക്കളങ്ങൾ നിർമ്മിക്കൽ, വാക്ക്‌വേ നിർമ്മിക്കൽ കുളങ്ങൾ ശുചീകരിച്ച് നീന്തൽ സൗകര്യമൊരുക്കൽ എന്നിവയും ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളാണ്.

മദ്യം, മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ഇടപെടൽ, ആരോഗ്യകരമായ ഭക്ഷണം ശീലമാക്കലും, അവയുടെ ഉത്പാദനം വർദ്ധിപ്പിക്കലും, പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾക്ക് ബദൽ ഉത്പന്നങ്ങൾ ശീലമാക്കലും, ഹരിത പ്രോട്ടോക്കോൾ ജീവിതശൈലിയാക്കലും ആരോഗ്യസേനയുടെ നേതൃത്വത്തിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളാണ്.

എൻ. സി. ഡി. മരുന്ന് കഴിക്കേണ്ടവരെ യഥാസമയത്ത് കഴിക്കാൻ പ്രോത്സാഹിപ്പിക്കുക, റിസ്ക് ഗ്രൂപ്പിൽ പെട്ടവരെ പങ്കെടുപ്പിച്ച് സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക, രോഗ പ്രതിരോധ കുത്തിവയ്പിനോട് വിമുഖത കാണിക്കുന്നവരെ യഥാർത്ഥ്യം ബോധ്യപ്പെടുത്തി രോഗപ്രതിരോധ കുത്തിവെപ്പിന് പ്രോത്സാഹിപ്പിക്കുക തുടങ്ങി ഒട്ടേറെ ഇടപെടലുകൾ നടത്താൻ ആരോഗ്യസേനക്ക് കഴിയും

നിലവിലുള്ള ആരോഗ്യ സംവിധാനത്തിന്റെ കവറേജ്/ റീച്ച് കൂട്ടാനുള്ള സഹായങ്ങളും ആരോഗ്യസേനക്ക് ചെയ്യാനാകും.

നിലനിൽക്കുന്ന ആരോഗ്യ സംവിധാനത്തിന് കൂടുതൽ കരുത്ത് പകരും വിധം സന്നദ്ധ പ്രവർത്തകർ, അയൽകൂട്ട ആരോഗ്യവളണ്ടിയർമാർ, റിട്ടയർചെയ്തവർ, യുവാക്കൾ, റെസിഡൻഷ്യൽ അസോസിയേഷൻ പ്രവർത്തകർ, പാലിയേറ്റീവ് പ്രവർത്തകർ, തുടങ്ങിവരിൽ നിന്നെല്ലാം ആരോഗ്യസേനയിലേക്ക് ആളുകളെ കണ്ടെത്താനാവും, ഇത്തരത്തിൽ പ്രവർത്തിക്കുന്ന ജനകീയാരോഗ്യ പ്രസ്ഥാനം രൂപപ്പെടുന്നതിലൂടെ നാം ലക്ഷ്യമിട്ട കാര്യങ്ങൾ നേടിയെടുക്കാൻ നമുക്കാവും

ഉടനടിചെയ്യേണ്ട പ്രവർത്തനങ്ങൾ

- 2017 മെയ് 22-25 വരെ എസ്. എച്ച്. എസ്. ആർ. സിയിൽ പരിശീലനം പൂർത്തികരിച്ച ആർ. പി. മാരെ ജില്ലാതലത്തിൽ വിളിച്ച് ചേർത്ത് തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ചുമതല നൽകുക
- കുടുംബാരോഗ്യ കേന്ദ്രങ്ങളുള്ള പഞ്ചായത്തിലെ പ്രസിഡണ്ട്, ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, മെഡിക്കൽഓഫീസർ, എച്ച്. ഐ. തുടങ്ങിയവരുടെ ജില്ലാതലയോഗം ചേർന്ന് പദ്ധതി വിശദീകരണവും തുടർ പ്രവർത്തനാസൂത്രണവും നടത്തുക
- ഗ്രാമപഞ്ചായത്ത്തല യോഗം ചേരുക
- വളണ്ടിയർമാരെ കണ്ടെത്തുക
- പരിശീലനം നൽകുക- പരിശീലനത്തിന് ആർ. പി. ടീം ചുമതല നൽകുക. പകർച്ചവ്യാധി നിയന്ത്രണപ്രവർത്തനത്തിൽ ഇടപെട്ടു കൊണ്ട് ആരോഗ്യസേന പ്രവർത്തനങ്ങൾ തുടങ്ങുക.